REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 01-02-2025 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **അടുത്ത സാമ്പത്തിക വർഷത്തെ കേന്ദ്ര ബജറ്റ് ധനമന്ത്രി നിർമ്മല സീതാരാമൻ ഇന്ന് ലോക്സഭയിൽ അവതരിപ്പിക്കും.**
- **പ്രതീക്ഷകളോടെ കേരളം.**
- **നവംബർ ഒന്നിനകം സമ്പൂർണ അതിദാരിദ്ര്യമുക്ത സംസ്ഥാനമാകുക എന്ന പ്രഖ്യാപിത ലക്ഷ്യത്തിലേക്ക് കേരളം നടന്നടുക്കുകയാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.**
- **ദേശീയ ഗെയിംസിൽ കേരളത്തിന്റെ സ്വർണപ്രതീക്ഷകളായ സജൻ പ്രകാശും ഹർഷിത ജയറാമും ഇന്ന് നീന്തലിൽ മത്സരിക്കും.**
- **ഇംഗ്ലണ്ടിനെതിരായ ട്വന്റി 20 ക്രിക്കറ്റ് പരമ്പര ഇന്ത്യക്ക്.**
- **അണ്ടർ 19 ക്രിക്കറ്റ് വനിതാ ലോകകപ്പിൽ ഇന്ത്യ ഫൈനലിൽ.**

## വാർത്തകൾ വിശദമായി

അടുത്ത സാമ്പത്തിക വർഷത്തെ കേന്ദ്ര ബജറ്റ് ധനമന്ത്രി നിർമ്മല സീതാരാമൻ ഇന്ന് ലോക്സഭയിൽ അവതരിപ്പിക്കും. മൂന്നാം നരേന്ദ്ര മോദി ഗവൺമെന്റിന്റെ രണ്ടാമത്തെ ബജറ്റാണിത്. ധനമന്ത്രി നിർമ്മല സീതാരാമൻ തുടർച്ചയായി എട്ടാം തവണയാണ് ബജറ്റ് അവതരിപ്പിക്കുന്നത്. ഇന്ന് ബജറ്റ് അവതരിപ്പിക്കുന്നതോടെ, ഒരേ പ്രധാനമന്ത്രിക്ക് കീഴിൽ തുടർച്ചയായി എട്ട് തവണ ബജറ്റ് അവതരിപ്പിക്കുന്ന ആദ്യ ധനമന്ത്രിയായി നിർമല സീതാരാമൻ മാറും. മൊറാർജി ദേശായി വിവിധ മന്ത്രിസഭകളിലായി 10 തവണയും തുടർച്ചയായി അല്ലാതെ പി ചിദംബരം 9 തവണയും പ്രണബ് മുഖർജി എട്ട്

പ്രാവശ്യവും ബജറ്റ് അവതരിപ്പിച്ചിട്ടുണ്ട്. ലോക്സഭയിൽ ബജറ്റ് അവതരണത്തിന് ശേഷം പകർപ്പ് രാജ്യസഭയിൽ വെക്കും.

ഡെസ്ക് റിപ്പോർട്ട്.

........വോയ്സ്........

കൃഷി, തൊഴിൽ, അടിസ്ഥാന സൗകര്യ വികസനം, വിദ്യാഭ്യാസം തുടങ്ങിയ മേഖലകളിലെ ആകർഷണീയമായ പ്രഖ്യാപനങ്ങൾ, അറിയാൻ രാജ്യം പ്രതീക്ഷയോടെയാണ് ബജറ്റിനെ ഉറ്റു നോക്കുന്നത്. നിലവിലെ ആദായ നികുതി സ്ലാബുകളിൽ നികുതി ദായകർക്ക് കൂടുതൽ ആശ്വാസം നൽകുന്ന രീതിയിൽ മാറ്റമുണ്ടാകുമെന്നും പ്രതീക്ഷിക്കുന്നുണ്ട്. ബജറ്റ് കൂടുതൽ ജനപ്രീയമമാകുമെന്നാണ് പുറത്തുവരുന്ന റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്.

വയനാടിനും, വിഴിഞ്ഞത്തിനുമായി സാമ്പത്തിക സഹായം, സംസ്ഥാനത്തിനായി പ്രത്യേക സാമ്പത്തിക പാക്കേജ്, വായ്പാപരിധിയിലെ വർദ്ധന എന്നിവയിലാണ് കേരളത്തിന്റെ പ്രതീക്ഷ. കാലാവസ്ഥാ വ്യതിയാനവുമായി ബന്ധപ്പെട്ട പ്രശ്നങ്ങളുടെ ശാശ്വത പരിഹാരത്തിനായി 4,500 കോടി രൂപ, തീരദേശ ശോഷണ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ 11,650 കോടി രൂപയുടെ സമഗ്ര പദ്ധതി, മനുഷ്യ- മൃഗ സംഘർഷത്തിന് പരിഹാര പദ്ധതികൾക്കായി 1,000 കോടി രൂപയുടെ പാക്കേജ്, റബറിന് താങ്ങുവില ഉറപ്പാക്കാൻ 1,000 കോടി രൂപയുടെ വിലസ്ഥിരതാ ഫണ്ട് തുടങ്ങിയവയും കേരളത്തിന്റെ ആവശ്യങ്ങളാണ്.

✪✪✪

രാജ്യത്തെ തൊഴിൽരംഗം ശക്തിപ്പെടുത്തുന്നതിന് നികുതിയിലും ഇറക്കുമതി തീരുവയിലും കുറവ് വരുത്തുന്ന പ്രഖ്യാപനങ്ങൾ ബജറ്റിൽ പ്രതീക്ഷിക്കുന്നതായി കോഴിക്കോട് IIM സാമ്പത്തികശാസ്ത്ര വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ വിപിൻ പി. വീട്ടിൽ ആകാശവാണി വാർത്തകളോട് പറഞ്ഞു.

...........വോയ്സ്........

✪✪✪

കേന്ദ്ര മന്ത്രി നിർമ്മല സീതാരാമൻ ഇന്നലെ പാർലമെന്റിന്റെ മേശപ്പുറത്ത് വെച്ച സാമ്പത്തിക സർവ്വേ റിപ്പോർട്ടിൽ ഇടുക്കി ഇരട്ടയാർ ഗ്രാമ പഞ്ചായത്തിലെ മാലിന്യ സംസ്കരണ പദ്ധതിയും ഇടം നേടി. മാലിന്യം കൈകാര്യം ചെയ്യുന്നതിലെ വിജയമാതൃകകൾ എന്ന തലക്കെട്ടിലാണ് കേരളത്തിലെ ഈ ഗ്രാമം ഇടം നേടിയത്.

സാമ്പത്തിക സർവ്വേ റിപ്പോർട്ടിലെ പരാമർശത്തിന്റെ അടിസ്ഥാനത്തിൽ ആകാശവാണി ഇടുക്കി പ്രതിനിധി രതീഷ് കൃഷ്ണ തയ്യാറാക്കിയ റിപ്പോർട്ട്.

............വോയ്സ്..........

പരിസ്ഥിതി സംരക്ഷണനൊപ്പം സ്ത്രീകൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിച്ചുമാണ് ഇരട്ടയാർ ഗ്രാമപഞ്ചായത്തിലെ മാലിന്യ സംസ്കരണ പദ്ധതി നടപ്പാക്കുന്നത്. 4,600-ലധികം വീടുകളിലും 500 സ്ഥാപനങ്ങളിലും ഹരിത കർമ്മ സേനാ വോളണ്ടിയർമാരുടെ സേവനം ലഭ്യമാണ്. ഇതിലൂടെ 30 ഓളം സ്ത്രീകൾക്കാണ് തൊഴിൽ ലഭിക്കുന്നത്. ഇവർ ഓരോരുത്തർക്കും പ്രതിമാസം 10,000 രൂപാ വീതം വരുമാനവും ഉറപ്പാണ്. പഞ്ചായത്തിലെ 85 ശതമാനം വീടുകളിൽ നിന്നും 90 ശതമാനം സ്ഥാപനങ്ങളിൽ നിന്നുമായി പ്രതിമാസം 2,50,000 രൂപായാണ് ഉപഭോക്തൃ ഫീസിനത്തിൽ പിരിച്ചെടുക്കുന്നത്. ശേഖരിക്കുന്ന മാലിന്യങ്ങൾ 18 വിഭാഗങ്ങളായി സൂക്ഷ്മമായി വേർതിരിച്ച് അവസാന ഘട്ട സംസ്കരണത്തിനായി സ്വകാര്യ ഏജൻസികൾക്കും റീസൈക്ലിംഗ് കമ്പനികൾക്കും കൈമാറും. മാസം തോറും ശേഖരിക്കുന്ന നാല് ടൺ പ്ലാസ്റ്റിക് വസ്തുക്കളും ഇക്കൂട്ടത്തിൽ ഉൾപ്പെടും.

✪✪✪

എറണാകുളം ജില്ലയിലെ തിരുവാണിയൂരിൽ CBSE സ്കൂളിൽ വിദ്യാർത്ഥി ക്രൂരമായ പീഡനങ്ങൾക്ക് വിധേയമായതിനെ തുടർന്ന് ജീവനൊടുക്കിയ സംഭവം ദുഃഖകരവും ഞെട്ടിക്കുന്നതുമാണെന്ന് മന്ത്രി V ശിവൻകുട്ടി പറഞ്ഞു. പോലീസ് ഇക്കാര്യത്തിൽ അടിയന്തര നിയമനടപടി കൈക്കൊള്ളുമെന്നും മന്ത്രി തിരുവനന്തപുരത്ത് അറിയിച്ചു.

സംഭവത്തെക്കുറിച്ച് സമഗ്ര അന്വേഷണം നടത്തി നടപടി നിർദേശിക്കാൻ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും മന്ത്രി പറഞ്ഞു. സമൂഹനന്മയ്ക്ക് നിരക്കാത്ത പ്രവർത്തനങ്ങൾ നടക്കുന്നുണ്ടെങ്കിൽ അത് കണ്ടെത്താനും തടയാനും, സ്ഥാപനത്തിന് എതിരെ അടക്കം ശക്തമായ നടപടിയെടുക്കാനും നിയമഭേദഗതി ആവശ്യമെങ്കിൽ അക്കാര്യം പരിഗണിക്കുമെന്നും മന്ത്രി വാർത്താക്കുറിപ്പിൽ വ്യക്തമാക്കി.

✪✪✪

മാരാമൺ കൺവെൻഷൻ നഗറിലും പരിസരപ്രദേശങ്ങളിലും ഭക്ഷ്യസുരക്ഷാ ലൈസൻസും രജിസ്ട്രേഷനും ഇല്ലാതെ ഭക്ഷ്യവസ്തുക്കളുടെ കച്ചവടം അനുവദിക്കില്ലെന്ന് മന്ത്രി വീണാ ജോർജ് വ്യക്തമാക്കി കൺവെൻഷനുമായി ബന്ധപ്പെട്ട് ഗവൺമെന്റ് തലത്തിൽ ഏർപ്പെടുത്തേണ്ട ക്രമീകരണങ്ങൾ ചർച്ച ചെയ്യുന്നതിന് മാരാമൺ മാർത്തോമ റിട്രീറ്റ് സെൻററിൽ ചേർന്ന യോഗത്തിൽ അധ്യക്ഷത വഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി.

ഭക്ഷ്യ സാമ്പിളുകൾ ശേഖരിച്ച് പരിശോധന നടത്തുമെന്നും ആരോഗ്യവകുപ്പും ഭക്ഷ്യസുരക്ഷാ വകുപ്പും ഏകോപനത്തോടെ പ്രവർത്തിച്ച് ഭക്ഷ്യ വിഷബാധയ്ക്കു സാഹചര്യമില്ലെന്ന് ഉറപ്പാക്കുമെന്നും മന്ത്രി പറഞ്ഞു.

✪✪✪

നവംബർ ഒന്നിനകം സമ്പൂർണ അതിദാരിദ്ര്യമുക്ത സംസ്ഥാനമാകുക എന്ന പ്രഖ്യാപിത ലക്ഷ്യത്തിലേക്ക് കേരളം നടന്നടുക്കുകയാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. CPIM കോഴിക്കോട് ജില്ലാസമ്മേളനത്തിന്റെ സമാപന പൊതുസമ്മേളനം വടകരയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു മുഖ്യമന്ത്രി. സംസ്ഥാനത്ത് ബദൽ നയമാണ് നടപ്പാക്കുന്നതെന്നും മുഖ്യമന്ത്രി പറഞ്ഞു. കേരളത്തെ ഉന്നത വിദ്യാഭ്യാസത്തിന്റെ ഹബ്ബ് ആക്കി മാറ്റാനാണ് ഗവൺമെന്റ് ശ്രമിക്കുന്നതെന്നും മുഖ്യമന്ത്രി പറഞ്ഞു. ക്ഷേമ പെൻഷൻ കുടിശ്ശിക സമയബന്ധിതമായി കൊടുത്ത് തീർക്കുമെന്നും പിണറായി അറിയിച്ചു. UDFന് നാല് വോട്ടിന് വേണ്ടി ആരുമായും കൂട്ട് കൂടാമെന്ന നിലപാടാണെന്നും മുഖ്യമന്ത്രി കുറ്റപെടുത്തി.

✪✪✪

CPIM കണ്ണൂർ ജില്ലാ സമ്മേളനത്തിന് ഇന്ന് തളിപ്പറമ്പിൽ തുടക്കമാവും. രാവിലെ പ്രതിനിധി സമ്മേളനം CPIM പോളിറ്റ് ബ്യൂറോ അംഗവും മുഖ്യമന്ത്രിയുമായ പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും.

✪✪✪

ഡെറാഡൂണിൽ 38-ാം ദേശീയ ഗെയിംസിൽ ഇന്നലെ കേരളം വെള്ളിയും വെങ്കലവും നേടി. ബീച്ച് ഹാൻഡ്ബോളിൽ കേരള വനിതകളാണ് വെള്ളി നേടിയത്. ഓഡീഷയോട് പരാജയപ്പെട്ട ഖോ ഖോ പുരുഷ ടീമിനാണ് വെങ്കലം. ഇതോടെ രണ്ട് സ്വർണവും ഒരു വെള്ളിയും മൂന്നു വെങ്കലവുമടക്കം കേരളത്തിന്റെ മെഡൽ നേട്ടം ആറായി. മെഡൽ പട്ടികയിൽ കേരളം 11-ാമതാണ്. ഒൻപത് സ്വർണവുമായി മണിപ്പൂരാണ് ഒന്നാമത്.

ഡെസ്ക് റിപ്പോർട്ട്.

.........വോയ്സ്...........

നീന്തലിൽ കേരളത്തിന്റെ സ്വർണ പ്രതീക്ഷയായ സജൻ പ്രകാശും ഹർഷിത ജയറാമും ഇന്ന് വീണ്ടും മത്സരിക്കും. സജൻ പ്രകാശ് 200 മീറ്റർ ബട്ടർഫ്ളൈ സ്ട്രോക്കിലും, ഹർഷിത 50 മീറ്റർ ബ്രസ്റ്റ് സ്ട്രോക്കിലുമാണ് മത്സരിക്കുന്നത്. വനിതാ ബാസ്കറ്റ്ബോളിൽ കേരളം സെമി ഫൈനലിൽ കർണാടകയുമായി ഏറ്റുമുട്ടും.

ഫുട്ബോളിൽ സെമി ഫൈനൽ യോഗ്യത ലക്ഷ്യമിട്ട് കേരളം ഡൽഹിക്കെതിരേ ഇന്നിറങ്ങും. ആദ്യ മത്സരത്തിൽ കരുത്തരായ മണിപ്പുരിനെ ഒരു ഗോളിന് തകർത്ത ആത്മവിശ്വാസത്തിലാണ് കേരളം.

വെയ്റ്റ്‌ലിഫ്റ്റിംഗിലും കേരളത്തിന് ഇന്ന് മത്സരമുണ്ട്. 81 കിലോ ഗ്രാം, 76 കിലോ ഗ്രാം ഇനങ്ങളിൽ കേരളം ഇറങ്ങും. ബോക്സിംഗിലും ഷൂട്ടിംഗിലുമാണ് മറ്റു മത്സരങ്ങൾ. അതേസമയം, ദേശീയ ഗെയിംസിൽ പ്രദർശന മത്സരയിനമായിരുന്ന കളരിപ്പയറ്റിൽ കേരളം സ്വർണം വാരിക്കൂട്ടി. രണ്ടു ദിവസമായി നടന്ന മത്സരത്തിൽ 15 സ്വർണവും രണ്ട് വെള്ളിയും അടക്കം 17 മെഡലാണു കേരളം നേടിയത്.

ഗോവ ദേശീയ ഗെയിംസിൽ 19 സ്വർണമടക്കം 22 മെഡലാണു കളരിപ്പയറ്റിൽ മാത്രം കേരളം നേടിയത്. അന്ന് മത്സരയിനം ആയിരുന്നതിനാൽ 36 സ്വർണനേട്ടത്തിന്റെ പൊലിമയിൽ അഞ്ചാം സ്ഥാനത്തെത്താൻ കേരളത്തിനായി.

✪✪✪

ഇംഗ്ലണ്ടിനെതിരായ ട്വന്റി 20 ക്രിക്കറ്റ് പരമ്പര ഇന്ത്യക്ക്. പൂനെയിൽ നാലാം മത്സരത്തിൽ ഇംഗ്ലണ്ടിനെ 15 റൺസിന് തോൽപ്പിച്ചാണ് അഞ്ചു മത്സരപരമ്പര 3-1ന് ഇന്ത്യ സ്വന്തമാക്കിയത്. ടോസ് നഷ്ടപ്പെട്ട് ബാറ്റിംഗിന് ഇറങ്ങിയ ഇന്ത്യ 20 ഓവറിൽ ഒമ്പത് വിക്കറ്റിന് 181 റൺസ് എടുത്തു. ഇംഗ്ലണ്ട് 19.4 ഓവറിൽ 166 റൺസിന് പുറത്തായി.

പരമ്പരയിലെ അവസാനത്തെയും അഞ്ചാമത്തേയും മത്സരം നാളെ മുംബൈ വാങ്കഡെ സ്റ്റേഡിയത്തിലാണ്.

✪✪✪

കോലാലംപൂരിൽ അണ്ടർ 19 ക്രിക്കറ്റ് വനിതാ ലോകകപ്പിൽ ഇന്ത്യ ഫൈനലിൽ. നാളെ ഫൈനലിൽ ഇന്ത്യ ദക്ഷിണാഫ്രിക്കയെ നേരിടും. ഇന്നലെ നടന്ന സെമിയിൽ ഇംഗ്ലണ്ടിനെ ഒൻപതു വിക്കറ്റിന് തോൽപ്പിച്ചാണ് ഇന്ത്യൻ വനിതകൾ ഫൈനലിൽ എത്തിയത്. ആവേശകരമായ പോരാട്ടത്തിൽ ആദ്യം ബാറ്റു ചെയ്ത ഇംഗ്ലണ്ട് എട്ടു വിക്കറ്റിന് 113 റൺസ് നേടി. മറുപടി ബാറ്റിങ്ങിൽ ഇന്ത്യ പതിനഞ്ചു ഓവറിൽ ഒരു വിക്കറ്റിന് 117 റൺസ് എടുത്തു.

✪✪✪

മുംബൈയിൽ ISL ഫുട്ബോളിൽ കൊൽക്കത്ത ഈസ്റ്റ് ബംഗാൾ, മുംബൈ സിറ്റി FC മത്സരം ഗോൾരഹിത സമനിലയിൽ പിരിഞ്ഞു. ഇന്ന് വൈകിട്ട് പഞ്ചാബ് FC ബംഗളൂരു FCയെ നേരിടും.

✪✪✪

ആലപ്പുഴ ചെന്നിത്തല കോട്ടമുറിയിൽ വീട് കത്തി വൃദ്ധ ദമ്പതിമാരെ  മരിച്ച നിലയിൽ കണ്ടെത്തി. ചെന്നിത്തല പടിഞ്ഞാറ് കറ്റോട്ട് രാഘവൻ ഭാര്യ ഭാരതി എന്നിവരാണ് മരിച്ചത്. ടിൻ ഷീറ്റ് കൊണ്ട് നിർമ്മിച്ച വീട് പൂർണമായും കത്തി നശിച്ചു. മകൻ വിജയനെ കാൺമാനില്ല. പുലർച്ചയായിരുന്നു  സംഭവം.

✪✪✪

മാനന്തവാടി കല്ലോടി മൂളിത്തോട് പാലത്തിന് താഴെയും, പരിസരത്തുമായി ഇതരസംസ്ഥാന തൊഴിലാളിയുടെ മൃതദേഹ ഭാഗങ്ങൾ ബാഗുകളിൽ ഉപേക്ഷിച്ച നിലയിൽ  കണ്ടെത്തി. ഉത്തർപ്രദേശ് സ്വദേശി മുഖീബിന്റെ മൃതദേഹമാണ് കണ്ടെത്തിയത്. സംഭവത്തോടനുബന്ധിച്ചു ഉത്തർപ്രദേശുകാരനായ മുഹമ്മദ് ആരിഫിനെ പോലീസ് കസ്റ്റഡിയിൽ എടുത്തു .

✪✪✪

തിരുവനന്തപുരം ബാലരാമപുരത്ത് രണ്ടുവയസ്സുകാരിയെ കൊലപ്പെടുത്തിയ കേസിൽ കുഞ്ഞിന്റെ അമ്മയുടെ സഹോദരൻ ഹരികുമാറിനെ കോടതി 14 ദിവസത്തേക്ക് റിമാൻഡ് ചെയ്തു.  ഇയാളെ നെയ്യാറ്റിൻകര സബ് ജയിലിലേക്ക് മാറ്റി.  അതേ സമയം കുഞ്ഞിന്റെ അമ്മ ശ്രീതുവിനെ മഹിളാമന്ദിരത്തിൽ റൂറൽ എസ്പിയുടെ നേതൃത്വത്തിൽ ചോദ്യം ചെയ്തു.

✪✪✪

ആലപ്പുഴ - ധൻബാദ് എക്സ്പ്രസിൽ രണ്ടു ഡി റിസർവ് കോച്ചുകൾ അനുവദിച്ച് റെയിൽവേ മന്ത്രാലയം ഉത്തരവിറക്കിയതായി KC. വേണുഗോപാൽ MP അറിയിച്ചു. ആലപ്പുഴ മുതൽ കോയമ്പത്തൂർ വരെ സീസൺ ടിക്കറ്റ് യാത്രക്കാർക്ക് അടുത്ത മാസം  24 മുതൽ സൗകര്യം ലഭ്യമാകും. സീസൺ ടിക്കറ്റു  യാത്രക്കാർക്ക് നേരത്തേ ആലപ്പുഴ മുതൽ കോയമ്പത്തൂർ വരെ സ്ലീപ്പർ ക്ലാസിൽ യാത്ര ചെയ്യാമായിരുന്നു. ഈ സൗകര്യം റെയിൽവേ പിൻലവിച്ചിരുന്നു. റെയിൽവേ ഉദ്യോഗസ്ഥരുടെ യോഗത്തിൽ KC വേണുഗോപാൽ ആവശ്യമുന്നയിച്ചതിനെത്തുടർന്നാണ് നടപടി.

✪✪✪

*News Editor: സുരേഷ് വി കെ*
*News Reader:  ഹക്കീം കൂട്ടായി*
*Casual News Reader : സിയാബ്*
*DEO : സുബോധ് സി കെ*